**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുന്ന മലമ്പുഴ നിയോജക മണ്ഡലത്തിലെ മരുതറോഡ് ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് ബഹു.മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായികവകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 29.02.2024ലെ എ3-6785/23 നമ്പർ നടപടിക്രമം പ്രകാരം കായികയുവജന കാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്തുവാനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതു കാരണം ലഭ്യമാകുന്ന സേവിംഗ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും ബഹു. എം.എൽ.എ നിർദ്ദേശിച്ചു. പ്രവൃത്തിയുടെ സ്കോപ്പിൽ ഇത്തരത്തിൽ മാറ്റം വന്നതിനാൽ ടി പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് പുതുക്കുകയും 02.08.2024-ലെ എ3-6785/23/കാ.യു.വ ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ പുതുക്കിയ സംയുക്ത ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി 02.09.2024-ൽ ടെണ്ടർ ചെയ്യുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഷാജി. കെ, പാലക്കാട് എന്ന കരാറുകാരന് 03.10.2024- ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുന്ന മലമ്പുഴ നിയോജക |

| | | | |
|---|---|---|---|
| | പൂർത്തിയാക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ? | | മണ്ഡലത്തിലെ മരുതറോഡ് ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് ബഹു.മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായികവകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 29.02.2024ലെ എ3-6785/23 നമ്പർ നടപടിക്രമം പ്രകാരം കായികയുവജന കാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്തുവാനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതു കാരണം ലഭ്യമാകുന്ന സേവിംഗ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും ബഹു. എം.എൽ.എ നിർദ്ദേശിച്ചു. പ്രവൃത്തിയുടെ സ്കോപ്പിൽ ഇത്തരത്തിൽ മാറ്റം വന്നതിനാൽ ടി പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് പുതുക്കുകയും 02.08.2024-ലെ എ3-6785/23/കാ.യു.വ ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ പുതുക്കിയ സംയുക്ത ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി 02.09.2024-ൽ ടെണ്ടർ ചെയ്യുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഷാജി. കെ, പാലക്കാട് എന്ന കരാറുകാരന് 03.10.2024- ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ